I/65438/2022

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**(ഹാജർ: ബിന്ദുഗോപിനാഥ്, ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

തിരുവനന്തപുരം,

ഉത്തരവ് നം. DWCD/4121/2022 - ICPS 4

തീയതി. 05-11-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - **ആലപ്പുഴ സ്വദേശി കൈലാഷ് ശ്രീകുമാർ** എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 11.08.2022 ലെ DCPU(A)/295/21

ആലപ്പുഴ ജില്ലയിൽ മുതുകുളം ഗ്രാമപഞ്ചായത്തിൽ കണ്ടത്തിൽ തറയിൽ ശ്രീ. ശ്രീകുമാർ - ശ്രീമതി. ജയശ്രീ ദമ്പതികളുടെ മകനായ കൈലാഷ് ശ്രീകുമാർ എന്ന കുട്ടിക്ക് ജനനം മുതൽ വൻകുടലിന്റെ കുറെ ഭാഗം പ്രവർത്തന രഹിതമായതിനാൽ മലശോചനം പോലും നടത്താൻ പറ്റാത്ത അവസ്ഥയിലാണ്. തുടർന്നുള്ള പരിശോധനയിൽ കുട്ടിയുടെ മലാശയത്തിൽ കാൻസർ ആണെന്ന് കണ്ടെത്തുകയും, തുടർ ചികിത്സയ്ക്കായി അമൃതാ ആശുപത്രിയിലേക്ക് മാറ്റുകയും , രണ്ട് ശസ്ത്രക്രിയ നടത്തുകയും ചെയ്തു. കുട്ടിയുടെ കുടുംബത്തിന് സ്വന്തമായി വീടോ, സ്ഥിര വരുമാനമോ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 3,13,587/-രൂപ ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ആലപ്പുഴ ജില്ലയിൽ മുതുകുളം ഗ്രാമപഞ്ചായത്തിൽ കണ്ടത്തിൽ തറയിൽ ശ്രീ. ശ്രീകുമാർ- ശ്രീമതി. ജയശ്രീ ദമ്പതികളുടെ മകനായ കൈലാഷ് ശ്രീകുമാർ എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ **47,668/-രൂപ (നാൽപത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തിഎട്ടു രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയായ **47,668/-രൂപ (നാൽപത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തിഎട്ടു രൂപ മാത്രം)** 2235-02-106-91 (P) എന്ന ശീർഷകത്തിൽ നിന്നും ആലപ്പുഴ വനിത ശിശു വികസന ഓഫീസറുടെ പേരിലും വനിത ശിശു വികസന ഓഫീസർ തുക ആലപ്പുഴ ജില്ല ശിശു സംരക്ഷണ ഓഫീസറുടെ പേരിലും അലോട്ടുമെന്റ് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെയോ

/65438/2022

പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ആലപ്പുഴ

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ.
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്